(ബി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് ഈ വർഷം അഡ്ജ്യൂഡിക്കേഷനും പ്രോസിക്യൂഷനും ഉൾപ്പെടെ 112 കേസ്സുകൾ എടുത്തിട്ടുണ്ട്. വിചാരണ നടപടികൾ നടന്നുവരുന്നു., ശിക്ഷാവിധികൾ ലഭിച്ചിട്ടില്ല.

(സി) സൗന്ദര്യവർദ്ധക സാധനങ്ങളിൽ ചേർക്കുന്ന മേൽ സൂചിപ്പിച്ച ലായനി, അപ്പക്കാരം, അജിനോമോട്ടോ എന്നിവ ദഹനക്കേടിനും അലർജിക്കും ക്യാൻസറിനും ഇടയാക്കുമെന്നത് സംബന്ധിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പരിശോധനകളിൽ അത്തരം ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതായി കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുശാസിക്കും പ്രകാരമുള്ള ക്രിമിനൽ കുറ്റം ചുമത്തി കർശന നടപടി സ്വീകരിക്കാറുണ്ട്.

നെടുമൺകാവ് സാമൂഹിക ആരോഗ്യകേന്ദ്രത്തിലെ ആംബുലൻസ്

87 (3519) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള നെടുമൺകാവ് സാമൂഹിക ആരോഗ്യകേന്ദ്രത്തിന് ആംബുലൻസ് വാങ്ങിയത് എന്നാണ് ;

(ബി) ഏത് ഫണ്ട് വിനിയോഗിച്ചാണ് പ്രസ്തുത ആംബുലൻസ് വാങ്ങിയതെന്നും ആരുടെ പേരിലാണ് പ്രസ്തുത വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത ആംബുലൻസ് എത്ര നാൾ സർവ്വീസ് നടത്തി ; ആംബുലൻസിന്റെ സർവ്വീസ് നിർത്തിവയ്ക്കാൻ ഇടയായ കാരണങ്ങൾ വിശദമാക്കുമോ ;

(ഡി) ആംബുലൻസിന്റെ സർവ്വീസ് അടിയന്തരമായി പുനരാരംഭിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 31-3-2012-ൽ.

(ബി) കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് 2011-12 പ്രോജക്ട്നമ്പർ 16 പ്രകാരമാണ് വാങ്ങിയത്. മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നെടുമൺകാവിന്റെ പേരിലാണ് പ്രസ്തുത വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 24-5-2012 മുതൽ 13-7-2013 വരെ പ്രസ്തുത ആംബുലൻസ് സർവ്വീസ് നടത്തി. ആംബുലൻസ് ഡ്രൈവറുടെ അഭാവവും ഇൻഷ്വറൻസ് കാലാവധി കഴിഞ്ഞതു കൊണ്ടുമാണ് സർവ്വീസ് നിർത്തിവയ്ക്കാൻ ഇടയായത്.

(ഡി) 24-6-2015-ലെ എച്ച്.എം.സി. തീരുമാനപ്രകാരം ഇൻഷ്വറൻസ് പുതുക്കുന്നതിനും ആംബുലൻസ് ഉപയോഗപ്രദമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്പോർട്സ് മെഡിസിൻ യൂണിറ്റിലെ പ്രവർത്തനങ്ങൾ

88 (3520) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്പോർട്സ് മെഡിസിൻ യൂണിറ്റിലെ നിലവിലുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിൽ വിഭാവനംചെയ്ത പദ്ധതികളിൽ പലതും ഇപ്പോഴും നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റിനു കീഴിലാണ് സ്പോർട്സ് മെഡിസിൻ യൂണിറ്റ് പ്രവർത്തിക്കുന്നത്. പ്രസ്തുത യൂണിറ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്ന വയാണ്.

1. ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ സ്പോർട്സ് മെഡിസിൻ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നു.

(i) കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിൽ നിന്നുള്ളവർ പ്രസ്തുത ഒ.പി. പ്രയോജനപ്പെടുത്തുന്നുണ്ട്.

(ii) സായ് ട്രെയിനിംഗ് സെന്റർ (SAI) കോഴിക്കോട്, കേരള സ്പോർട്സ് കൗൺസിൽ, ഫാറൂഖ് കോളേജ്, കോഴിക്കോട്, എസ്.എൻ. കോളേജ്, ചേലന്നൂർ, ഗവൺമെന്റ് ആർട്സ് കോളേജ്, മീഞ്ചന്ത, പ്രൊവിഡൻസ് കോളേജ്, കോഴിക്കോട്, യൂണിവേഴ്സിറ്റി ക്യാമ്പസ്, ഗവൺമെന്റ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ഈസ്റ്റ് ഹിൽ, കോഴിക്കോട്, മെഡിക്കൽ കോളേജിൽ തന്നെയുള്ള വിവിധ സ്പോർട്സ് ടീമുകൾ എന്നിവയ്ക്ക് പ്രസ്തുത ഒ.പി.യുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly